(ജി) കെൽട്രോൺ മുഖാന്തിരമാണ് ഡി.ഡി.എഫ്.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതുവരെ ഈ പദ്ധതിക്കായി 78,66,092 രൂപ (എഴുപത്തി എട്ട് ലക്ഷത്തി അറുപത്തി ആറായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ) കെൽട്രോണിന് നൽകിയിട്ടുണ്ട്.

(എച്ച്) ഡി.ഡി.എഫ്.എസ്. സോഫ്റ്റ്‌വെയറിൽ ചില പോരായ്മകൾ കണ്ടെത്തിയതിനാൽ ആയത് ഒഴിവാക്കി കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഗവ. സെക്രട്ടേറിയറ്റിൽ ധനകാര്യം, വിവര സാങ്കേതിക വിദ്യ എന്നീ വകുപ്പുകളിൽ ഇ-ഓഫീസ് ഫയൽ സംവിധാനം ഉപയോഗിച്ചുവരുന്നു.

(ഐ) പ്രധാനമായും നിലവിലുള്ള ഓഫീസ് മാനുവൽ അടിസ്ഥാനമാക്കിയാണ് സർക്കാർ ഓഫീസുകളിൽ ഉപയോഗത്തിലിരിക്കുന്ന എല്ലാ കടലാസ് രഹിത ഫയൽ സംവിധാനങ്ങളും പ്രവർത്തിക്കുന്നത്.

## കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഐ.ടി. പാർക്ക്

263 (3924) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ എന്ന സ്ഥലത്ത് ആരംഭിക്കാൻ നിശ്ചയിച്ച ഐടി. പാർക്ക് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഐടി. പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ മയ്യിൽ എന്ന സ്ഥലത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടായിരുന്നില്ല. ടെക്നോലോഡ്ജ് പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. സർക്കാരിന്റെയോ പഞ്ചായത്തുകളുടേയോ കൈവശമുള്ള ഉപയോഗിക്കാതെയിരിക്കുന്ന കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി ടെക്നോലോഡ്ജ് കേന്ദ്രങ്ങൾ സ്ഥാപിക്കുവാനായിരുന്നു പദ്ധതിയിട്ടിരുന്നത്. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കൈവശത്തുനിന്നും കെ.എസ്.ഐ.ടി.ഐ.എല്ലിന് കൈമാറിയ 3.08 ഏക്കർ സ്ഥലത്ത് പണി പൂർത്തിയാകാത്ത 15 ഷെഡുകൾ മാത്രമാണുള്ളത്. അവിടെ പ്രവർത്തനക്ഷമമായ ടെക്നോലോഡ്ജ് വരണമെങ്കിൽ വൻതുക ചെലവഴിക്കേണ്ടതുണ്ട്. ടെക്നോലോഡ്ജ് ഏറ്റെടുക്കുവാൻ ഐ.ടി. കമ്പനികൾ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ ഈ ടെക്നോലോഡ്ജ് പദ്ധതി തുടരേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly